<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 493</u> <u>10-02-2025 - ൽ മറുപടിയ്ക്ക്</u>

<u>സംസ്ഥാനത്തിന്റെ ധനസ്ഥിതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പ്രളയ സെസ്സിലൂടെ ലഭിച്ച വരുമാനത്തിന്റെ വർഷം തിരിച്ചുള്ള കണക്കും അതിന്റെ വിനിയോഗ വിശദാംശങ്ങളും അറിയിക്കാമോ; | (എ) | 01.08.2019 മുതൽ 2 വർഷക്കാലത്തേക്ക് ആണ് പ്രളയ സെസ്സ് ഏർപ്പെടുത്തിയിരുന്നത്. ടി ഇനത്തിൽ നാളിതു വരെ ഓരോ സാമ്പത്തിക വർഷവും ലഭിച്ച വരുമാനത്തിന്റെ വിവരങ്ങൾ അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു. |
| (ബി) | രണ്ട് രൂപയുടെ അധിക സെസ്സിലൂടെ ലഭിച്ച വരുമാനത്തിന്റെ നാളിതുവരെയുള്ള വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | 2023-ലെ ഫിനാൻസ് ആക്ട് പ്രകാരം പെട്രോൾ, ഡീസൽ എന്നിവയ്ക്ക് രണ്ട് രൂപയുടെ അധിക സെസ്സ് ഏർപ്പെടുത്തിയതു വഴി 2023-24 സാമ്പത്തിക വർഷം 954.32 കോടി രൂപയും (Provisional) 2024-25 സാമ്പത്തിക വർഷം (2025 ജനുവരി 31 വരെ) 797.19 കോടി രൂപയും (Provisional) പിരിഞ്ഞു കിട്ടിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ കഴിഞ്ഞ നാല് വർഷത്തെ പൊതുകടം, ആളോഹരി കടം, ധനക്കമ്മി, തനത് നികുതി വരുമാനം, കേന്ദ്ര ഗ്രാന്റ്/നികുതി ഇനത്തിലുള്ള വിഹിതം എന്നിവ സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ; | (സി) | 2020-21 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ പൊതു കടം, ആളോഹരി കടം, ധന കമ്മി എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി (അനുബന്ധം-3) ചേർക്കുന്നു. |
| (ഡി) | ജി.എസ്.ടി. വകുപ്പ് പിരിച്ചെടുക്കാനുള്ള നികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. ഇതരനിയമങ്ങൾ, വാറ്റ്, കെ.ജി.എസ്.ടി., എ.ഐ.ടി. മുതലായവയുടെ കീഴിൽ 2024-25 സാമ്പത്തിക വർഷം 31.12.2024 വരെ ഉള്ള കണക്കുകൾ പ്രകാരം 12574.32 കോടി രൂപയാണ് കുടിശ്ശിക. ആയതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 6407.93 കോടി രൂപയും 5037.31 കോടി രൂപ വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 1129. 08 കോടി രൂപ മറ്റുനടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. ഇനം തിരിച്ച് അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു.<br><br>**<u>ജി.എസ്.ടി. നികുതി കുടിശിക</u>** |

| | | | |
|---|---|---|---|
| | | | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. അഡ്ജുഡിക്കേഷൻ ഇനത്തിൽ 2024-25 സാമ്പത്തികവർഷം 31.12.2024 വരെ ഉള്ള കണക്കുകൾ പ്രകാരം 3964.12 കോടി രൂപയാണ് കടിശ്ശിക. ആയതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 2038.35 കോടി രൂപയും 1110.84 കോടി രൂപ വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 814.93 കോടി രൂപ മറ്റുനടപടികളിൽ (റൈറ്റ് ഓഫ്, അപ്പീൽ, നോട്ട്-കളക്റ്റബിൾ, എൻ.ആർ.സി.) ഉൾപ്പെട്ടിട്ടുള്ളതുമാണ്. |
| (ഇ) | റിസ്സർവ് ബാങ്കിൽ നിന്നും വെയ്സ് ആന്റ് മീൻസ് അഡ്വാൻസായി കഴിഞ്ഞ നാല് വർഷം എടുത്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഇ) | റിസ്സർവ് ബാങ്കിൽ നിന്നും വെയ്സ് ആന്റ് മീൻസ് അഡ്വാൻസായി കഴിഞ്ഞ നാല് വർഷം എടുത്ത തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി (അനുബന്ധം-4) ചേർക്കുന്നു. |
| (എഫ്) | സംസ്ഥാനത്തിന്റെ വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് പരിധി റിസർവ്വ് ബാങ്ക് ഉയർത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (എഫ്) | ഉണ്ട്. നിലവിലെ സംസ്ഥാനത്തിന്റെ വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് പരിധി 2308 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

| സാമ്പത്തിക വർഷം | പ്രളയ സെസ്സ് (കോടിയിൽ) (Provisional) |
| --- | --- |
| 2019-20 | 665.94 |
| 2020-21 | 1039.97 |
| 2021-22 | 506.89 |
| 2022-23 | 31.65 |
| 2023-24 | 0.37 |
| 2024-25<br>(2024 നവംബർ 30 വരെ) | 0.06 |
| **ആകെ** | **2244.88** |

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം-2**</u>

(തുക കോടിയിൽ)

| ഇനം | കുടിശ്ശിക 31-12-2024 വരെ | സ്റ്റേ | റവന്യൂ റിക്കവറി | മറ്റു നടപടികൾ (റൈറ്റ് ഓഫ്, അപ്പീൽ, നോട്ട് കളക്റ്റിബിൾ, എൻ.ആർ.സി.) |
|---|---|---|---|---|
| വാറ്റ് | 10415.17 | 4269.74 | 5360.26 | 785.17 |
| കെ.ജി.എസ്.ടി. | 2128.24 | 753.59 | 1042.62 | 332.03 |
| എ.ഐ.റ്റി. | 30.91 | 13.98 | 5.05 | 11.88 |
| **ആകെ** | **12574.32** | **5037.31** | **6407.93** | **1129.08** |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം-3

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | പൊതു കടം | ആളോഹരി കടം (രൂപയിൽ) | ധനകമ്മി | തനതു നികുതി വരുമാനം | കേന്ദ്രത്തിൽ നിന്നുള്ള ഗ്രാന്റ് | കേന്ദ്ര നികുതി വിഹിതം |
|---|---|---|---|---|---|---|
| 2020-21 | 199682 | 84091 | 35203.69 | 47660.84 | 31068.28 | 11560.40 |
| 2021-22 | 219975 | 94576 | 37306.47 | 58340.52 | 30017.12 | 17820.09 |
| 2022-23 | 238001 | 101645 | 25554.54 | 71968.16 | 27377.86 | 18260.68 |
| 2023-24 | 267990 | 109552 | 34258.05 | 74329.01 | 12068.26 | 21742.92 |

സെക്ഷൻ ഓഫീസർ

## അനുബന്ധം-4

| സാമ്പത്തിക വർഷം | (തുക കോടിയിൽ) |
|---|---|
| 2020-21 | 20,300.95 |
| 2021-22 | 18,099.25 |
| 2022-23 | 14,385.13 |
| 2023-24 | 30,774.40 |

സെക്ഷൻ ഓഫീസർ